**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശിക എഴുതിത്തള്ളുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശിക എഴുതിത്തള്ളാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 – ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി 30.03.2015 തീയതിയിലെ സ.ഉ.(അച്ചടി)നം.24/2015/ പജപവവിവ പ്രകാരം നടപ്പിലാക്കിയിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു). പ്രസ്തുത സമയപരിധിയ്ക്കുശേഷമുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനം നിലവിൽ കൈകൊണ്ടിട്ടില്ല. പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള വിഷയം സംബന്ധിച്ച് പരിശോധിച്ച് വരികയാണ്.<br><br>പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മാത്രമാണ് മേൽ ഉത്തരവ് പ്രകാരം ആനുകൂല്യം നൽകിയിരുന്നത്. ഈ പദ്ധതി പ്രകാരം വായ്പ എഴുതി തള്ളുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു.<br><br>(I) 31-3-2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിത്തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. പിഴപലിശ, കുടിശ്ശിക ഈടാക്കുന്നതിനുണ്ടായ ചെലവ്, മറ്റേതെങ്കിലും ഇനത്തിൽ ഈടാക്കുന്ന തുക തുടങ്ങിയവ അതാത് സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വായ്പക്കാരന്റെ തന്നെ |

| | | | |
|---|---|---|---|
| | | | ബാദ്ധ്യതയായിരിക്കും. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്.<br><br>(ii) വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്കു മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.<br><br>(iii) ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളൂ.<br><br>(iv) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.<br><br>(v) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31-3-2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളൂ. |
| (ബി) | പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശിക എഴുതിത്തള്ളാനുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും എത്ര തുക വരെ എഴുതിത്തള്ളാനുള്ള വ്യവസ്ഥകളുമാണ് പദ്ധതിയിലുള്ളത്; അതിനായുള്ള നിബന്ധനകൾ എന്തൊക്കെയാണ്; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 – ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി 30.03.2015 തീയതിയിലെ സ.ഉ.(അച്ചടി)നം.24/2015/ പജപവവിവ പ്രകാരം നടപ്പിലാക്കിയിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു). പ്രസ്തുത സമയപരിധിയ്ക്കുശേഷമുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനം നിലവിൽ കൈകൊണ്ടിട്ടില്ല. പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള വിഷയം സംബന്ധിച്ച് പരിശോധിച്ച് വരികയാണ്.<br><br>പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മാത്രമാണ് മേൽ ഉത്തരവ് പ്രകാരം ആനുകൂല്യം നൽകിയിരുന്നത്. ഈ പദ്ധതി പ്രകാരം വായ്പ എഴുതി തള്ളുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു. |

| | | | |
|---|---|---|---|
| | | | (I) 31-3-2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിത്തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. പിഴപലിശ, കുടിശ്ശിക ഈടാക്കുന്നതിനുണ്ടായ ചെലവ്, മറ്റേതെങ്കിലും ഇനത്തിൽ ഈടാക്കുന്ന തുക തുടങ്ങിയവ അതാത് സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വായ്പക്കാരന്റെ തന്നെ ബാദ്ധ്യതയായിരിക്കും. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്.<br><br>(ii) വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്കു മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളു.<br><br>(iii) ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളു.<br><br>(iv) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.<br><br>(v) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31-3-2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളു. |
| (സി) | കൂടുതൽ പ്രയോജനം ലഭിക്കും വിധം പദ്ധതി പുനരാവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | വിഷയം സംബന്ധിച്ച് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്—സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പട്ടികജാതി-പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 24/2015/പജപവവിവ. തിരുവനന്തപുരം, 2015 മാർച്ച് 30.**

---

പരാമർശം:— 1. 12-11-2009-ലെ സ.ഉ. (അച്ചടി) നമ്പർ 100/2009/പജപവവിവ.

2. 10-12-2013-ലെ സ.ഉ. (അച്ചടി) നമ്പർ 99/13/പജപവവിവ.

3. 16-10-2014-ലെ സ.ഉ. (കൈ) നമ്പർ 74/14/പജപവവിവ.

4. സഹകരണസംഘം രജിസ്ട്രാറുടെ 7-10-2014-ലെ സി. ജി. 1729/13-ഠ നമ്പർ കത്ത്.

5. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 14-10-2014-ലെ ബി2/5566/12 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകളുടെ 25,000 രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനും അതിനുമുകളിൽ വരുന്ന തുകയുടെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം പല പ്രാവശ്യം ദീർഘിപ്പിച്ചുനൽകിയിരുന്നു.

GCPT. 3/2411/2015/S-18.

2. തുടർന്ന്, പട്ടികജാതി വിഭാഗക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, ഖാദി ഗ്രാമവ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 50,000 രൂപ വരെയുള്ള വായ്പകൾ പരാമർശം ഒന്ന് ഉത്തരവിലുള്ള നിബന്ധനകൾക്ക് വിധേയമായി, പരാമർശം രണ്ട് പ്രകാരം എഴുതിത്തള്ളി ഉത്തരവായിരുന്നു. ഇതിനുപുറമെ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആദ്യകാലങ്ങളിൽ നടപ്പിലാക്കിയിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ നാല് വായ്പാ പദ്ധതികൾ പ്രകാരം പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളുന്നതിന് പരാമർശം മൂന്ന് പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതാണെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. സർക്കാരിന്റെ മിഷൻ 676 പ്രകാരം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പരിപാടിയായി ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഒന്നര ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് ഏകദേശം 200 കോടി രൂപ വേണ്ടിവരുമെന്നും ഇതിന്റെ ആദ്യ ഗഡുവായി 50 കോടി രൂപ അനുവദിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശം നാല് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ 12-11-2009-ലെ ഉത്തരവ് പ്രകാരം വായ്പകൾ എഴുതിത്തള്ളുന്നതിനായി അനുവദിച്ച തുകയിൽ അഞ്ച് കോടി രൂപ മിച്ചമായി അവശേഷിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് നാല് തവണകളായി അനുവദിച്ചു നൽകണമെന്നും സഹകരണ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് 767.38 ലക്ഷം രൂപ ആവശ്യമാണെന്ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും പരാമർശം 5 പ്രകാരം അറിയിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി ചുവടെ ചേർക്കുന്ന നിബന്ധനകൾ പ്രകാരം നടപ്പിലാക്കുന്നതിന് തീരുമാനിക്കുന്നു:

(i) 31-3-2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിത്തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. പിഴപ്പലിശ, കുടിശ്ശിക ഈടാക്കുന്നതിനുണ്ടായ ചെലവ്, മറ്റേതെങ്കിലും ഇനത്തിൽ ഈടാക്കുന്ന തുക തുടങ്ങിയവ അതാത് സ്ഥാപനങ്ങൾതന്നെ വഹിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വായ്പക്കാരന്റെതന്നെ ബാദ്ധ്യതയായിരിക്കും. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്.

(ii) വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്കുമാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളു.

(iii) ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളു.

(iv) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(v) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31-3-2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളു.

6. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള കടം എഴുതിത്തള്ളൽ പദ്ധതിക്ക് സ്ഥാപനങ്ങൾക്ക് തുകകൾ വിതരണം ചെയ്യുന്നതിനുള്ള വിതരണ ഏജൻസിയായി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ 25-3-2010-ലെ സ. ഉ. (കൈ) 38/10/പജപവവിവ-ൽ നിശ്ചയിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതിക്കും തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുന്നു.

7. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 2225-80-190-94 NP എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അനുവദിക്കുന്നു. തുടർന്ന് പദ്ധതിക്ക് ആവശ്യമുള്ള തുക ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ആഷാ തോമസ്,

*പ്രിൻസിപ്പൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

രജിസ്ട്രാർ, സഹകരണസംഘം, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്. ആന്റ് ജി സെക്ടർ), (ഇ. ആന്റ് ആർ സെക്ടർ) കേരള.

ധനകാര്യ വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ഐ ആന്റ് പി. ആർ. ഡി., തിരുവനന്തപുരം.

പൊതുഭരണ (എസ്. സി.) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.